# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 236 — 05/10/2016 -ൽ മറുപടിക്ക്

## ജൈക്ക കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.എഫ്.തോമസ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ഡോ.എൻ.ജയരാജ് | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ജൈക്ക കുടിവെള്ള പദ്ധതി നടപ്പാക്കാത്ത ജില്ലകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കോംപ്രിഹെൻസീവ് ഡിസ്ട്രിക്റ്റ് പ്ലാൻ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br>(ബി) പ്രസ്തുത പ്രൊപ്പോസലുകൾ അടങ്ങിയ വിദേശ നിക്ഷേപസഹായത്തിനായുള്ള കരട് പദ്ധതി അംഗീകരിക്കുകയുണ്ടായോ; എത്ര തുകയുടെ നിക്ഷേപത്തിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;<br>(സി) പ്രസ്തുത പദ്ധതി എന്നുമുതൽ പ്രാബല്യത്തിലെത്തിക്കാനാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കുമോ? | (എ), (ബി) & (സി) ജൈക്ക കുടിവെള്ള പദ്ധതി നടപ്പാക്കാത്ത ജില്ലകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള 92 പ്രൊപ്പോസലുകൾ അടങ്ങിയ സമഗ്ര ജില്ലാ പദ്ധതി (സി.ഡി.പി)യുടെ കരട് രേഖ വിദേശ നിക്ഷേപ സഹായത്തിന് പരിഗണിക്കുന്നതിനായി സർക്കാർ പരിശോധിച്ചുവരുന്നു. 5932.19 കോടി രൂപയുള്ള കരട് പദ്ധതികളാണ് സമഗ്ര ജില്ലാ പദ്ധതിയിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

JSK/